**POLICE** **DEPARTMENT**

**KERALA**

**No. G4-79936/2015/PHQ**
Police Headquarters,
Thiruvananthapuram
phq.pol@kerala.gov.in
04712721547
Dated. 07-12-2017

From

**സംസ്ഥാന പോലീസ് മേധാവി,**

കേരളം.

To

**ലിസ്റ്റ് 'ബി' യിലെ എല്ലാ ഓഫീസർമാർക്കും**

സർ ,

Sub : ശിക്ഷാ നടപടി-കുറ്റാരോപണ പത്രിക നൽകുന്നതിലെ കാലതാമസം-സംബന്ധിച്ച്.

Ref : പി.എച്ച്.ക്യു.സർക്കുലർ നം 20/2017 തിയതി 17.08.2017

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിലെ സർക്കുലറിൻറെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു. ടി സർക്കുലർ കേരള പോലീസ് വെബ്സൈറ്റ്-ൽ പ്രസിദ്ധീകരിക്കുന്നതിന് എസ്.സി.ആർ.ബി.-യിൽ നിന്നും നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**Shibu A**
**Junior Superintendent**
For State Police Chief

നം. ജി-4/79936/15
പോലീസ് ആസ്ഥാനം
തിയതി: 17.08.2017.

## സർക്കുലർ നം. 20/2017

വിഷയം: ശിക്ഷാനടപടികൾ - കുറ്റാരോപണ മെമ്മോ നൽകുന്നത് - കാലതാമസം സംബന്ധിച്ച്.

സൂചന: 10.09.15 തിയതിയിലെ ജി-4/79936/15 നമ്പരിലെ സി.ഒ.ബി സന്ദേശം.

കുറ്റാരോപിതർക്ക് കുറ്റാരോപണ മെമ്മോ നൽകുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അനാവശ്യമായ കാലതാമസം ഉണ്ടാകുന്നതായും, ഇത് സമയബന്ധിതമായി ശിക്ഷാനടപടികൾ തീർപ്പാക്കുന്നതിന് തടസ്സമുണ്ടാക്കുന്നതായും ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ശിക്ഷാ നടപടിക്രമങ്ങൾ അനന്തമായി നീണ്ടുപോകുന്നത് കാരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ ഡിക്ലറേഷൻ/പ്രമോഷൻ/റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകൽ എന്നിവയിലും കാലതാമസം ഉണ്ടാകുന്നതായി കാണുന്നു. ശിക്ഷാ നടപടികൾക്ക് വിധേയരാകുന്ന ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധിച്ചകാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കാതിരുന്നാൽ അത് നീതി നിഷേധമാണ്. സുശക്തവും കാര്യക്ഷമവുമായ ഭരണനിർവ്വഹണത്തിന് വിഘാതം സൃഷ്ടിക്കുന്ന ഇത്തരം വീഴ്ചകൾ മേലിൽ ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ ശിക്ഷാനടപടികൾ ഉത്തരവായിക്കഴിഞ്ഞാൽ ബന്ധപ്പെട്ട അന്വേഷണോദ്യോഗസ്ഥൻ ഒരാഴ്ചക്കകം കുറ്റാരോപണ മെമ്മോയുടെ കരട് (3 പകർപ്പ്) തയ്യാറാക്കി ബന്ധപ്പെട്ട ശിക്ഷാധികാരിക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.
2) കുറ്റാരോപണ മെമ്മോയുടെ കരട് ബന്ധപ്പെട്ട ശിക്ഷാധികാരി അംഗീകരിച്ച് ലഭിച്ച് അഞ്ച് ദിവസത്തിനുള്ളിൽ കുറ്റാരോപിതന് നൽകി തിയതി വച്ച ലക്ഷ്യം വാങ്ങി വിവരം മടക്കതപാലിൽ ശിക്ഷാധികാരിയെ അറിയിക്കേണ്ടതാണ്.
3) കുറ്റാരോപണ മെമ്മോ കുറ്റാരോപിതന് നൽകിക്കഴിഞ്ഞാൽ ശിക്ഷാധികാരി അനുവദിച്ചുനൽകിയിരിക്കുന്ന സമയപരിധിക്കകം അന്വേഷണം പൂർത്തിയാക്കി അന്വേഷണ വിചാരണ റിപ്പോർട്ട് എം.ഡി.പി-യിലെ ഖണ്ഡിക 37, 38 പ്രകാരം തയ്യാറാക്കേണ്ടതും എം.ഡി.പി-യിലെ ഖണ്ഡിക 41 പ്രകാരം ക്രമീകരിച്ച് ശിക്ഷാധികാരി മുമ്പാകെ താമസംവിനാ തീർപ്പുത്തരവിനായി സർപ്പിക്കേണ്ടതുമാണ്.

ടി നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

17/8

സംസ്ഥാന പോലീസ് മേധാവി

To

ലിസ്റ്റ് 'ബി' -യിലെ എല്ലാ ഓഫീസർമാർക്കും.

പകർപ്പ്: പി.എച്ച്.ക്യു-വിലെ എല്ലാ ഓഫീസർമാരുടെയും സി.എ മാർക്ക്.

: പി.എച്ച്.ക്യു മാനേജർക്കും, എ.ഒ-ക്കും, എല്ലാ സീനിയർ സൂപ്രണ്ടുമാർക്കും.

: സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ.